**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 547** **23-07-2021 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശത്ത് വേലിയേറ്റരേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്ന പദ്ധതി യാണ് പുനർഗേഹം. പദ്ധതി അടങ്കൽ 2450 കോടി രൂപയാണ്. ഇതിൽ 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് മാർഗ്ഗ നിർദ്ദേശം സർക്കാർ ഉത്തരവായി അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സമയബന്ധിത പൂർത്തീകരണത്തി നായി സംസ്ഥാനതല നിർവ്വഹണ ചുമതല പ്രോജക്ട് ഇംപ്ലിമെൻറേഷൻ യൂണിറ്റിന് നൽകിയിട്ടുണ്ട്. 9 തീരദേശ ജില്ലകളിലും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഓരോ കോ-ഓർഡിനേറ്റർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ജില്ലകളിൽ ഫിഷറീസ് വകുപ്പിലെ ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്. ജില്ലകളുടെ പ്രവർത്തന പുരോഗതി കൃത്യമായ ഇടവേളകളിൽ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, ഫിഷറീസ് ഡയറക്ടർ, ഫിഷറീസ് സെക്രട്ടറി, ഫിഷറീസ് വകുപ്പ് മന്ത്രി എന്നിവർ വിലയിരുത്തി വ്യക്തമായ പുരോഗതി കൈവരിക്കുന്നതിനു വേണ്ട നടപടികൾ കൈകൊള്ളുന്നു. ജനപ്രതിനിധികളുമായി ആശയ വിനിമയം നടത്തിയും പ്രവർത്തന പുരോഗതി കൈവരിക്കാൻ ശ്രമിക്കുന്നുണ്ട്. പദ്ധതി പ്രകാരം ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച 10307 ഗുണഭോക്താക്കളിൽ 7692 പേർ മാറി താമസിക്കാൻ സമ്മതം അറിയിച്ചിട്ടുള്ളതിൽ 2129 പേരുടെ ഭൂമി വില അംഗീകരിക്കുകയും 1569 പേർ ഭൂമി രജിസ്റ്റർ ചെയ്തിട്ടുള്ളതും 1109 പേർ ഭവന നിർമ്മാണം |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുള്ളതും, 368 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും ആകുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലായി 1174 പേരുടെ ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചു വരുന്നു. |
| (ബി) | വൈപ്പിൻ മുതൽ മുനമ്പം വരെ 24 Km കടൽത്തീരമുള്ള വൈപ്പിൻ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | എറണാകുളം ജില്ലയിൽ ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേ പ്രകാരം വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള തീരപ്രദേശത്ത് 382 കുടുംബങ്ങൾ താമസിക്കുന്നതിനായി കണ്ടെത്തിയിരുന്നു. ഇതിൽ പുനർഗേഹം പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിച്ച 40 പേരിൽ 35 പേരെ ജില്ലാതല അപ്രൂവൽ കമ്മിറ്റി ഗുണഭോക്താക്കളായി അംഗീകരിച്ചിരുന്നു. 10 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുകയും ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തു. |
| (സി) | പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർ, 5 സെന്റ് ഭൂമിയിൽ കൂടുതൽ കൈവശമുള്ളവർ, ആധാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ളവർ, ഭൂമിക്ക് പട്ടയം ലഭിക്കാനുള്ളവർ, പോക്കുവരവ് ചെയ്ത് ലഭിക്കാത്തവർ എന്നിവർക്ക് പദ്ധതി നിർവഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | തീരപ്രദേശത്ത് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരേയും ഭൂമിയ്ക്ക് പട്ടയം ലഭിക്കാനുള്ളവരേയും റവന്യൂ അധികാരികൾ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പദ്ധതി ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | സുരക്ഷിതമേഖലയിലേക്ക് മാറി താമസിക്കുവാൻ തയ്യാറാകുന്ന ഗുണഭോക്താവിന് നൽകുന്ന തുക അപര്യാപ്തമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ